പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2529 | 14.02.2013-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ സ്വകാര്യ ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗികളിൽ നിന്നും ഈടാക്കുന്ന തുകയ്ക്ക് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഒരേ സ്വഭാവത്തിലും സൗകര്യത്തിലുമുള്ള തുമായ ആശുപത്രികൾ പോലും വ്യത്യസ്ത ഫീസുനിരക്കാണ് ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇതു സംബന്ധിച്ച് പഠിക്കുന്നതിനും രോഗികളിൽ നിന്നും ഈടാക്കാവുന്ന തുക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുമായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ, ആയതിലേക്ക് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിന് തയ്യാറാവുമോ ? | (സി) ഇപ്പോൾ നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, ലാബുകൾ തുടങ്ങിയവയുടെ പ്രവർത്തനം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേക്കായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി വരികയാണ്. താമസം വിനാ ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ